




നെല്ലുൽപ്പാദനം വർധിപ്പിച്ച് ഭക്ഷ്യസുരക്ഷയിലേക്ക് നാടിനെ എത്തിക്കാനുള്ള സുന്ദരസ്വപ്നം മുന്നിൽ കണ്ട് നെൽവയൽ സംരക്ഷണനിയമം പാസാക്കിയ അതേ സർക്കാർ ഓട്ടുകമ്പനിക്കാരെയും തൊഴിലാളികളെയും സംരക്ഷിക്കാനെന്ന പേരിൽ കളിമൺഖനനത്തിന് പ്രത്യേക ഉത്തരവിറക്കി. ഇതോടെ നെൽവയൽ സംരക്ഷണനിയമം അസാധുവാകുന്ന കാഴ്ചയാണുള്ളത്. അതിനെതിരായി പല ഭാഗങ്ങളിലും സമരം ഉയരുന്നുണ്ടെങ്കിലും പോലീസിനെയും ഗുണ്ടകളെയും ഇറക്കി സമരത്തെ നിർജീവമാക്കുകയാണ് ഖനനമാഫിയക്കാർ

# അനിയന്ത്രിതം ഈ കളിമൺഖനനം

കേരളീയം വാർത്താശൃംഘല

കളിമൺ ഖനനത്തിനെതിരെയും പാടത്ത് വിതയിറക്കണമെന്ന് ആവശ്യപ്പെട്ടും മുരിയാട്ടെയും മറ്റും കർഷകർ നടത്തിയ സമരത്തെ തുടർന്നാണ് നെൽവയൽ സംരക്ഷണനിയമം സർക്കാർപാസാക്കിയത്. ഇത് കളിമൺ ഖനന മാഫിയക്കാരെ പ്രതിസന്ധിയിലാക്കിയിരിരുന്നു. ഇതു മറികടക്കാൻ എറെ നാളായി കളിമൺ മാഫിയകൾ പല ശ്രമങ്ങളും നടത്തിവരുകയാണ്. അതിനിടയിലാണ് കളിമണ്ണ് കിട്ടാനില്ലെന്നും തൊഴിലാളികൾ ദുരിതത്തിലാണെന്നും പറഞ്ഞ് ഓട്ടുനിർമ്മാണതൊഴിലാളികൾ സമരത്തിന് പുറപ്പെട്ടത്. ഇവരുടെ സമരം തീർക്കാനും അവർക്ക് കളിമണ്ണ് കൊടുക്കാനുമെന്ന പേരിൽ അങ്ങിനെ സർക്കാരും ബന്ധപ്പെട്ട വ്യവസായ വകുപ്പും പുതിയ തന്ത്രം ആസൂത്രണം ചെയ്തു. അതാണ് മാർച്ചിൽ വ്യവസായവകുപ്പ് ഇറക്കിയ പ്രത്യേക ഉത്തരവ്(ജി.ഒ നമ്പർ.54/ 2010/ ID). ഈ ഉത്തരവ് പ്രകാരം അതാത് ജില്ലയിലെ ജിയോളജിസ്റ്റിന്റെ വിവേചനാധികാരം വച്ച് 20 അടി വരെ വയൽ കുഴിച്ച് കളിമണ്ണെടുക്കാമെന്ന നിയമം നിലവിൽ വന്നു. ഇതോടെ ഖനന മാഫിയക്കാർ ഇരുമെയ്യ് മറന്ന് വീണ്ടും രംഗത്തിറങ്ങുകയും ഖനനം പുനരാരംഭിക്കുകയും ചെയ്തു.

പ്രത്യേക ഉത്തരവ് പുറത്ത് വന്നതോടെ ഇടതു സർക്കാർ കൊണ്ടുവന്ന നെൽവയൽ സംരക്ഷണനിയമത്തെ അവർ തന്നെ അട്ടിമറിച്ചു. സർക്കാരിന്റെ നാലാം വാർഷികം ആഘോഷിക്കുമ്പോൾതന്നെ കാർഷികാഭിവൃദ്ധിക്ക് ഏറെ ഗുണകരമായിക്കൊണ്ടിരിക്കുന്ന നെൽവയൽ സംരക്ഷണ നിയമം നോക്കുകുത്തിയാകുകയാണ്. ഇതിനെതിരെ മുഖ്യധാരാരാഷ്ട്രീയ കക്ഷികൾ പലരും മൗനം പാലിക്കുമ്പോൾ പരിസ്ഥിതി സംഘടനകളും മറ്റും രംഗത്തിറങ്ങി. മുരിയാട് കർഷകരും മറ്റും നിരന്തരം സമരം ചെയ്തതിനെതുടർന്ന് 2008 മെയിലാണ് സർക്കാർ നെൽവയൽ സംരക്ഷണനിയമം പാസാക്കിയത്. പാടങ്ങളിൽ എന്ത് പരിവർത്തനം നടത്തുമ്പോഴും അതാത് പഞ്ചായത്തിലെ കൃഷി ഉദ്യോഗസ്ഥനും കർഷകരും പഞ്ചായത്ത് സെക്രട്ടറിയും അടങ്ങുന്ന സമിതിയുടെ അംഗീകാരം നേടണമെന്നാണ് നിയമത്തിലുള്ളത്. ഈ അനുമതിക്ക് കലക്ടർ ചുമതലയുള്ള ജില്ലാസമിതിയുടെ അംഗീകാരവും ലഭിക്കണം. ഇങ്ങിനെമാത്രമേ ഖനനം അടക്കമുള്ള പ്രക്രിയകൾ നടത്താൻ പാടുള്ളൂ എന്നും നിയമത്തിൽ അനുശാസിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കർശന തീരുമാനം വന്നതിനാലും മറ്റു ചില കാരണങ്ങളാലുമാണ് 2009 മുതൽ ഖനനം നടത്താൻ സാങ്കേതിക തടസം വന്നുപെട്ടത്. പിന്നീട് ഓട്ടുകമ്പനിക്കാർക്ക് കളിമൺ ലഭിക്കാതായത് നിർമ്മാണമേഖലയിൽ പ്രശ്നമായതോടെ നിരന്തരം ചർച്ച നടത്തിയതിനെതുടർന്ന് സ്പെഷൽ ഉത്തരവിറക്കിയത്. ഈ ഉത്തരവ് പ്രകാരം അതാത് ജില്ലയിലെ ജിയോളജിസ്റ്റിന്റെ വിവേചനാധികാരം വച്ച് 20 അടി വരെ വയൽ കുഴിച്ച് കളിമണ്ണെടുക്കാം. ഇത്തരത്തിൽ വ്യാപകമായി അനുമതി കൊടുത്തതോടെ തൃശൂരിൽ പുതുക്കാട് ചെങ്ങാലൂർ ഭാഗങ്ങളിലും മറ്റും വീണ്ടും വ്യാപകമായി ഖനനം തുടങ്ങിയിട്ടുണ്ട്. പാലക്കാടിന്റെ കിഴക്കൻ മേഖലയിലെ ഖനനത്തിനും ഈ ഉത്തരവ് ഏറെ ഗുണകരമായിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ പലരും ടിപ്പർലോറിയും ജെ സി ബിയും കൊണ്ടുവന്നാണ് ഖനനം നടത്തുന്നത്. ഖനനം നടത്തുമ്പോൾ കൃഷിക്ക് ഫലഭൂയിഷ്ഠമായ രണ്ടടി മേൽമണ്ണ് നീക്കിയശേഷം കുഴിയെടുത്ത് കളിമണ്ണ് എടുത്ത ശേഷം ആ കുഴി മണ്ണിട്ട് നികത്തിയ ശേഷം നേരത്തെ നീക്കിയ മേൽമണ്ണ് അവിടെതന്നെ നിക്ഷേപിക്കണമെന്ന് കലക്ടറുടെ ഉത്തരവുണ്ട്. ഇതൊന്നും പാലിക്കാതെ ജിയോളജിസ്റ്റിന്റെ നിർദേശങ്ങൾ പോലും ലംഘിച്ചാണ് ഇപ്പോൾ ഖനനം നടത്തുന്നതെന്നാണ് വി എസ് സുനിൽകുമാർ എം എൽ




എ പോലും പറയുന്നത്. ഇതിനെതിരെ അതാത് പ്രദേശത്തെ ജനങ്ങൾ സംഘടിക്കുന്നുണ്ടെങ്കിലും ഗുണ്ടകളെയും മറ്റും ഉപയോഗിച്ച് അതിനെ ചെറുക്കുകയാണ്. സ്പെഷൽ ഉത്തരവ് വ്യവസായ വകുപ്പിന്റെ താത്പര്യപ്രകാരം മന്ത്രിസഭ പോലും ചർച്ച ചെയ്യാതെ ഇറക്കിയതാണെങ്കിലും അത് ഇപ്പോൾ പലയിടത്തും ദുരുപയോഗം ചെയ്യുകയാണെന്നാണ് സുനിൽകുമാർ എം എൽ എയുടെ അഭിപ്രായം. ഇത് നേരത്തെ പാസാക്കിയ നെൽവയൽ സംരക്ഷണനിയമത്തിന്റെ ലംഘനമാണ്. കലക്ടർക്ക് ഇതിനെ നിയന്ത്രിക്കാൻ അധികാരമുണ്ടെങ്കിലും മൗനം പാലിക്കുകയാണെന്ന് ആക്ഷേപമുണ്ട്. ഇതിനെതിരെ കോടതിയിൽ പോകാൻ അവകാശമുണ്ടെങ്കിലും വിധി വരാൻ കാലതാമസമുണ്ടാകുമെന്ന് കണ്ട് നെൽവയൽ സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ സ്വകാര്യ ഖനനത്തിനെതിരെ കലക്ടറേറ്റ് പടിക്കൽ നിരാഹാരം തുടങ്ങിയിരുന്നു. എന്നാൽ കടുത്ത പ്രതിസന്ധിയെ തുടർന്ന് സമരവും പാതിവഴിയിൽ നിന്നുപോയി. ഓട്ടുകമ്പനിക്കാർക്ക് ഇവിടെ നിന്ന് ഖനനം ചെയ്യുന്നതിന്റെ ഏഴു ശതമാനം കളിമണ്ണ് മാത്രമേ ആവശ്യമുള്ളൂ എന്ന് അവർ തന്നെ സമ്മതിച്ചതാണ്. അപ്പോൾ വ്യാപകമായി നടത്തുന്ന ഖനത്തിലൂടെ ലഭിക്കുന്ന കളിമണ്ണിന്റെ ഭൂരിപക്ഷവും അന്യസംസ്ഥാനത്തേക്കും മറ്റും കയറ്റി അയക്കുകയാണെന്നാണ് പറയപ്പെടുന്നത്. ഇതിനെതിരെ സമരരംഗത്തിറങ്ങുന്ന യുവാക്കളെയും കുടുംബങ്ങളെയും മൊത്തമായും ഖനനമാഫിയകൾ പണം കൊടുത്തും മറ്റും വശീകരിക്കുന്നുമുണ്ട്. ഇതിനും വഴങ്ങാത്തവരെ ഗുണ്ടകളെ വിട്ട് മർദ്ദിക്കുകയും പോലീസിനെ ഉപയോഗിച്ച് കേസ് ചാർജ്ജ് ചെയ്യിക്കുകയുമാണ്.

---

അനുഭവം

*ചെങ്ങാലൂർ, മുരിയാട്, എരയാംകുടി,... കേരളത്തിലങ്ങോളമിങ്ങോളമുള്ള കുഴിച്ചും തൂർത്തും ഇല്ലാതാകുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ പ്രതിരോധ സമരങ്ങളിൽ ഏർപ്പെടുന്നവർ. അവരുടെ സമര ജീവിത വിജയ പരാജയവും മടുപ്പും നിസഹായതകളും പ്രലോഭനങ്ങളും വെല്ലുവിളികളും*

# വിഫല പ്രയത്നങ്ങളോ.....!

ബൈജു ഗംഗാധരൻ

'അവർ ഇരുപത്തയ്യായിരം രൂപ തരാമെന്ന് പറയുന്നു. ഞാനെന്ത് ചെയ്യണം' എന്റെ നാട്ടിലെ ആരോഗ്യമുള്ള എന്തിനും പോന്ന ഒരു ചെറുപ്പക്കാരൻ എന്നോട് ചോദിച്ചു. മൂപ്പർ ഗൾഫിലായിരുന്നു. ഇപ്പോൾ നാട്ടിൽ കുടുംബപ്രാരാബ്ധങ്ങളും മറ്റും വേണ്ടവിധമുണ്ട്.

"യുക്തമെന്നു തോന്നുന്നത് ചെയ്യുക" അത്രയും പറഞ്ഞവസാനിപ്പിച്ചു. മറിച്ച് പറഞ്ഞാലോ? അയാൾക്ക് ലഭ്യമാകേണ്ടത് ഞാനായി നഷ്ടപ്പെടുത്തും. പ്രതിരോധവും അവസാനം നഷ്ടപ്പെട്ടേക്കാം. അങ്ങനെ വന്നാൽ എന്നോടുള്ള അയാളുടെ സ്നേഹം വെറുപ്പായി തീരും. എന്നിരുന്നാലും മനസ്സിലെങ്കിലും ഞാനിത് പറയാതിരുന്നില്ല. "ഞാൻ വാങ്ങാതിരുന്നതാണ് ഇപ്പോഴവർ നിങ്ങൾക്കായി വീതിച്ച് നൽകുന്നത്". ആ മറുപടിക്ക് ശേഷം പിന്നീടങ്ങോട്ട് ഗ്രാമത്തിന്റെ രാവുകളുണർന്നത് സമൃദ്ധമായ പച്ചനോട്ടുകളുടെ കിലുകിലാരവം ശ്രവിച്ചുകൊണ്ടാണ്. ആ മൈനിങ്ങ് സീസണിൽ ഗ്രാമത്തിലെ മിക്കവാറും വീടുകൾക്ക് നിശ്ശബ്ദരായിരിക്കുന്നതിനുള്ള പ്രതിഫലമായി ലഭിച്ചത് ഇരുപത്തയ്യായിരത്തിനും അറുപതിനായിരത്തിനും ഇടയ്ക്കുള്ള സംഖ്യയാണ്. കൂടാതെ മദ്യവും മറ്റ് സൗകര്യങ്ങളും. മദ്യലഹരിയിൽ "ഇതെന്തിന് വേണ്ടി" എന്ന ചോദ്യം പോലും അവർ ഉത്സവമാക്കി. ടി.വി, വാഷിംഗ് മെഷിൻ, ടൂവീലറുകൾ. .....ഗ്രാമീണരുടെ സ്വപ്നങ്ങൾ സഫലങ്ങളായി.... മാഫിയകൾ അവരുടെ ദൈവങ്ങളായി....

ഏതായാലും കേരളത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാർ അഭിമാനകരമായ ഒരു ചുവട് വച്ചു. അഴിമതിയെ ജനകീയവത്ക്കരിച്ചുകൊണ്ട് അധികാരത്തിന്റെ ഉന്നത സോപാനങ്ങൾ തൊട്ട് തെരുവിൽ ഒന്നു കുരയ്ക്കാൻ മാത്രം ശേഷിയുള്ള പട്ടിക്കുവരെ അഴിമതിയുടെ ആർഭാടമെത്തിച്ചുകൊണ്ട്.

എങ്കിലും ബുദ്ധിജീവി സ്വത്വം ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്ത ചിലരെങ്കിലും ഒരു പണിയുമില്ലാതെ ആക്ടീവിസം ചെയ്തു നടക്കുന്ന പരിസ്ഥിതി പ്രവർത്തരോട് ഇത്രയെങ്കിലും പറഞ്ഞാലും "കീഴടങ്ങരുത്. പൊരുതണം അവസാനം വരെ." നിങ്ങളിൽത്തന്നെയാണ് ചിതലരിച്ച അവസാന പ്രതീക്ഷയും....." അതെ ചിതലരിച്ച അവസാന പ്രതിരോധവും ഗതികെട്ട് ഇവറ്റകൾ നിർത്തിപ്പോയാൽ ".....

1991-ൽ തുടങ്ങി 2010-ൽ അവസാനിക്കുന്ന തൃശൂരിലെ ചെങ്ങാലൂർ എന്ന ഗ്രാമത്തിന്റെ ഭൂസംരക്ഷണ പ്രതിരോധങ്ങൾ കഥയൊതുക്കുന്നത് ഇവിടെയാണ്. ഇരുപത് വർഷം കാത്ത് സംരക്ഷിച്ച വയൽ ഭൂമികളിൽ മാഫിയകൾ സംഹാരതാണ്ഡവമാടി. പാടങ്ങളും കുന്നുകളും ഒപ്പത്തിനൊപ്പം അപ്രത്യക്ഷമായി. ഓട്ടുകമ്പനി തൊഴിലാളികളെ സംരക്ഷിക്കാൻ കോടികൾ വലിച്ചെറിഞ്ഞ് നടത്തുന്ന സേവനം. ബോധ്യവും ബോധവുമുള്ള ഒരു ജനതയില്ലാതെ ഒരു രാജ്യത്തിന്റെ അടിസ്ഥാന വിഭവങ്ങളെ സംരക്ഷിക്കാൻ സാധിക്കയില്ലായിരിക്കും. യഥാർത്ഥ ജനാധിപത്യരാഷ്ട്രീയം മനസ്സിലാക്കി ആയുധം വച്ച് വഴിമാറട്ടെ. ജനപഥങ്ങളെ, വ്യവസായ പുരോഗതിയുടെ ഉന്നതങ്ങളിലേക്ക് കുതിക്കുക.

ബന്ധങ്ങൾക്ക്: 9961275752